
# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഡിസംബർ 2020





# പാവനസ്മരണയ്ക്ക്



**ജോസഫ് തോമസ്**
**അപ്പച്ചൻ**

മരണം : 28.03.2000

**റോസമ്മ തോമസ്**

മരണം : 04.11.2010

## പേരകശ്ശേരി, മറ്റം
## ചങ്ങനാശ്ശേരി



ഡിസംബർ 2020
ലക്കം 9
വാല്യം 6

*മാനേജിംഗ് എഡിറ്റർ:*
**വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ**
9544416627

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. മാത്യു മറ്റം**
9847660057
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. റിജോ ഇടമുറിയിൽ**
9497801968

*കൈക്കാരന്മാർ:*
**വിന്നിച്ചൻ കല്ലൂക്കളം**
**ജോർജ്ജുകുട്ടി വാരണത്ത്**
**ജോണി കണ്ടങ്കരി**

*കമ്മറ്റിയംഗങ്ങൾ:*
**ജിജി തോമസ് പേരകശ്ശേരി**
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**ജോണി കണ്ടങ്കരി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



# പാരീഷ് ബുള്ളറ്റിൻ
# ഇടയൻ

## താളുകൾ മറിയുമ്പോൾ


**ക്രിസ്തുമസ്സിലെ ചില ദുഃഖങ്ങൾ** 01



02 **നവചൈതന്യത്തോടെ പുതിയ ആരാധനവത്സരത്തിലേക്ക്**



**കോവിഡ് കാലം നൽകുന്ന പാഠങ്ങൾ** 07



10 **ക്രിസ്തുമസ് സന്ദേശം**



**പിറവിത്തിരുനാൾ തിരുക്കർമ്മങ്ങളിലൂടെ** 14



20 **സാമ്പത്തിക സംവരണം: പ്രായോഗിക നിർദ്ദേശങ്ങൾ**




He who eats My Flesh and Drinks My blood Lives in Me
and I Live in Him (St. John 6:56)
My Solemn
HOLY COMMUNION
On 29.12.2020
Gethsemany Ashram, Mathumoola
JISS MARY JOSEPH
Thuravathukkal, Vazhapally

# Remembrance of Solemn Holy Communion





## കത്തീഡ്രൽ യുവദീപ്തി SMYM ഒരുക്കിയ പുൽക്കൂട്



## സാക്ഷ്യം

എന്റെ ഈശോയോടും മാതാവിനോടും യൗസേപ്പ് പിതാവിനോടും പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടും ധന്യൻ കുര്യാളശ്ശേരി പിതാവിന്റെ മാദ്ധ്യസ്ഥം വഴിയായി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾക്ക് ജോലി കിട്ടി എല്ലാത്തിനും സർവ്വശക്തനായ ദൈവത്തിന് നന്ദി.

ഒരു വിശ്വാസി

# പാവനസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

**കരിങ്ങട, ചങ്ങനാശേരി**

കേരളത്തിൽ ഏറ്റവും വിലക്കുറവിൽ
(Wholesale & Retail)

# CHAKUPURAKAL TEXTILES

Near Police Station, Market Road,
Changanacherry, Kerala
Email: binnychakupurakal@gmail.com
Ph: 0481 2420181, 2422181, 9995158088, 7025013000



50% FLAT DISCOUNT

CHURIDAR | MATERIAL | SAREE | TOPS | LEGGINGS | NIGHTWEAR

# സ്നേഹസ്മരണയ്ക്ക്



# ത്രേസ്യാമ്മ ജോബ്

## കല്ലുകളം, വാഴപ്പള്ളി

ജനനം: 18.11.1935 മരണം: 20.12.2020



## മുഖമൊഴി

# ക്രിസ്തുമസ്സിലെ ചില ദുഃഖങ്ങൾ

**മാനവരാശിയെ** സംബന്ധിച്ചിടത്തോളം ക്രിസ്തുമസ് സന്തോഷത്തിന്റെ, ആനന്ദത്തിന്റെ, ആഘോഷത്തിന്റെ ദിനങ്ങളാണ്... ദൈവം ഭൂമിയിൽ അവതരിച്ചതിന്റെ ഓർമ്മ... ദൈവപുത്രൻ മനുഷ്യപുത്രനായതിന്റെ ഓർമ്മ...സന്തോഷം കിനിയുന്ന രാവുകളിൽ ചില ദുഃഖ സത്യങ്ങളും ക്രിസ്തുമസ് ഓർമ്മപ്പെടുത്തുന്നു...

കൊട്ടിയടയ്ക്കപ്പെട്ട സത്രത്തിന്റെ വാതിലുകൾ, വഴിതെറ്റി രാജകൊട്ടാരത്തിൽ പടികൾ കയറുന്ന രാജാക്കന്മാർ, അസ്വസ്ഥരാകുന്ന രാജാവും രാജ്യവും... അങ്ങനെ പല ദുഃഖങ്ങൾ...

**അവനു മുമ്പിൽ അടയ്ക്കപ്പെടുന്ന വാതിലുകൾ-** കൊട്ടി അടക്കയ്പ്പെടുന്ന വാതിലുകൾ നമ്മുടെയും വിചിന്തനമാകണം, ഈ ക്രിസ്തുമസ് നാളിൽ... ക്രിസ്തുവിന് ഇടങ്ങൾ ഇല്ലാതെയാവുന്നു എന്നത് എത്രയോ വേദനിപ്പിക്കുന്ന സത്യമാണ്, ഇതൊരു അതിശയോക്തിയല്ല, മറിച്ച്, അനുദിന ജീവിതത്തിലെ ഒരു യാഥാർത്ഥ്യം...

പ്രാധാന്യത്തിന്റെ പട്ടികകൾ നിരത്തുമ്പോൾ, ഈശോ അവസാനത്തവനാകുന്നു. അലച്ചിലുകൾക്കിടയിൽ ദൈവത്തെ ഓർക്കുവാൻ മറന്നുപോകുന്നു... എന്റെ ഹൃദയവാതിലുകളും ക്രിസ്തുവിനു നേരെ അടയ്ക്കപ്പെടുന്നുണ്ടോ എന്നത് നമ്മോടു തന്നെയുള്ള ഒരു ചോദ്യമാകട്ടെ... മനുഷ്യജീവിതത്തിൽ ആവശ്യങ്ങൾ വർദ്ധിക്കുമ്പോൾ ഈശോ ഒരു ആവശ്യം ആകുന്നില്ല എന്നതും ഒരു യാഥാർത്ഥ്യം തന്നെ... വീടിന്റെ മുറ്റത്ത് ആരും നോക്കുന്ന പുൽക്കൂടുകൾ ഞാൻ ഒരുക്കിയിരിക്കാം. എന്നാൽ എന്റെ ഹൃദയമോ?

**വഴിതെറ്റുന്ന യാത്രകൾ-** വഴികൾ തെറ്റുന്നുണ്ട് ഇന്ന്... യാത്രകൾ തെറ്റുന്നു, ലക്ഷ്യങ്ങൾ മാറിപ്പോകുന്നു. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ പറ്റാത്ത അവസ്ഥ... ഒരു റൂട്ട് മാപ്പ് തയ്യാറാക്കാം... ഞാൻ നടന്ന വഴികൾ, ഞാൻ നടക്കാനുള്ള വഴികൾ... വഴിതെറ്റിയ ലോകത്തിന് പുതിയ തുടക്കം നൽകിയതായിരുന്നല്ലോ ക്രിസ്തുമസ്... വഴികൾ പരിശോധിക്കാം... വഴികൾ നേരെയാക്കാം...

തികച്ചും വ്യത്യസ്തമായ രീതിയിൽ ഈ ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ, ജീവിതത്തിലും വ്യത്യാസങ്ങൾ ഉണ്ടാകട്ടെ...

*ക്രിസ്തുമസ്- പുതുവത്സരാശംസകൾ*

സ്നേഹപൂർവ്വം,

**വർഗീസച്ചൻ**





# നവചൈതന്യത്തോടെ പുതിയ ആരാധനവത്സരത്തിലേക്ക്

## ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം

***ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീസഹോദരന്മാരേ,***

1. അതിരൂപതാകുടുംബം മുഴുവനുംവേണ്ടി 'കുടുംബ വിശുദ്ധീകരണം' എന്ന ലക്ഷ്യം മുൻനിർത്തി ഈ മാസം 25 മുതൽ 28 വരെ നടത്തിയ ഓൺലൈൻ വാർഷികധ്യാനം ഏറെ പ്രയോജനപ്രദമായി എന്ന് നിരവധി പ്രതികരണങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചു. പരമാവധി കുടുംബങ്ങളെ ധ്യാനത്തിൽ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വൈദികർ ചെയ്ത പരിശ്രമങ്ങൾ നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥനയിലൂടെയും മറ്റും ബഹു. സിസ്റ്റേഴ്സ് നൽകിയ പിന്തുണയ്ക്കും നന്ദി അറിയിക്കുന്നു. വിദേശങ്ങളിലായിരിക്കുന്ന വൈദികർ ഉൾപ്പെടെയുള്ള അതിരൂപതാംഗങ്ങൾ ധാരാളംപേർ ധ്യാനത്തിൽ സംബന്ധിക്കുകയുണ്ടായി. ''അതിരൂപതയിൽ നാം ഒരു കുടുംബം'' എന്ന നമ്മുടെ ആദർശം അന്വർത്ഥമാക്കാൻ അതിരൂപതാകുടുംബം ഒന്നുചേർന്നുള്ള ഈ ധ്യാനാനുഭവം തീർച്ചയായും ഏറെ സഹായകമായിട്ടുണ്ട്.

## യാത്രയിൽ ലക്ഷ്യം പിഴയ്ക്കരുത്

2. പ്രിയപ്പെട്ട സഹോദരങ്ങളേ, വൈദികരും സമർപ്പിതരും അല്മായമക്കളും ഉൾപ്പെടുന്ന സഭാകൂട്ടായ്മയാണല്ലോ നമ്മുടെ അതിരൂപതാകുടുംബം. എല്ലാ കുടുംബാംഗങ്ങളും, അവരെവിടെയായിരുന്നാലും, സ്നേഹത്തിലും ഐക്യത്തിലും ഏകമനസ്സോടെ ജീവിക്കാനിടയാകണം. പരമമായ ജീവിതലക്ഷ്യത്തിൽ എല്ലാവരും എത്തിച്ചേരണം. ആ ലക്ഷ്യം പിതാവായ ദൈവമാണ്. അങ്ങോട്ടുള്ള ആത്മീയയാത്രയിലാണ് നാമെല്ലാവരും. ഈ



യാത്രയിൽ ആരും വഴിതെറ്റിപ്പോകാനോ ആരെയും വഴിതെറ്റിക്കാനോ ഇടയാകരുത്. അതിന് ഓരോരുത്തർക്കും തന്നെക്കുറിച്ചുതന്നെയും മറ്റുള്ളവരെക്കുറിച്ചും സ്നേഹപൂർവമായ ശ്രദ്ധയും ജാഗ്രതയും വേണം. കുടുംബങ്ങളിൽ മാതാപിതാക്കന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെക്കുറിച്ച്, മക്കളെക്കുറിച്ച് ഈ ജാഗ്രത ഉണ്ടായിരിക്കണം. ഓരോ കുടുംബാംഗവും സഭയെ സ്നേഹിച്ച്, സഭയോടൊത്ത് ചിന്തിക്കാനും ജീവിക്കാനും പ്രാർത്ഥിക്കാനും പരിശീലിക്കുന്നത് ഗാർഹികസഭയെന്ന നിലയിൽ കുടുംബത്തിലാണ്. സഭ മിശിഹായുടെ ശരീരമാണെന്നും, ഓരോ കുടുംബവും സഭയുടെ ചെറിയ പതിപ്പാണെന്നുമുള്ള ബോധ്യത്തോടെ സഭയോടും മിശിഹായോടും ചേർന്ന് ജീവിതയാത്ര നടത്താൻ കുടുംബങ്ങൾ ശ്രദ്ധിക്കണം. മിശിഹായിലൂടെയുള്ള സഭയുടെ യാത്രയുടെ വഴിച്ചാലാണ് ആരാധനാവത്സരം. അതിന്റെ വിശദാംശങ്ങൾ ശരിയായി മനസ്സിലാക്കി അതനുസരിച്ച് ആരാധനാജീവിതം നയിക്കുന്നവർ വഴിതെറ്റാതെ ലക്ഷ്യത്തിലെത്തും.

## അജപാലകദൗത്യം

3. ഇക്കാര്യത്തിൽ ദൈവജനത്തെ സഹായിക്കാനുള്ള സഭയുടെ സംവിധാനങ്ങളാണ് ഇടവകകളും രൂപതകളും നിയമങ്ങളും മറ്റ് നിരവധിയായ അജപാലനപ്രവർത്തനങ്ങളും. ഇടവകയിൽ വികാരിയച്ചനും രൂപതയിൽ മെത്രാനും ഇതിന് മേൽനോട്ടം വഹിക്കുന്നു. തങ്ങൾക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണം സഭയോടൊത്തുതന്നെയാണോ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നത് എന്ന് ജാഗ്രതയോടെ ശ്രദ്ധിച്ച് അവരെ നയിക്കാൻ അജപാലകർ നിയോഗിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും അതിരൂപതയിൽ ഒരു കുടുംബമായി പരസ്പരം സഹകരിച്ചും കൂട്ടുത്തരവാദിത്വത്തിലും ഏക ആരാധനാസമൂഹമായി പുതിയ ആരാധനാവത്സരത്തിലേക്ക് പ്രവേശിച്ച് ലക്ഷ്യം തെറ്റാതെ പ്രയാണം തുടരാം.

4. പ്രിയപ്പെട്ട വൈദികരേ, ദൈവജനത്തോടൊപ്പമായിരിക്കാനും അവരോടൊപ്പവും അവർക്കുവേണ്ടിയും ദൈവത്തോടുകൂടിയായിരിക്കാനുമുള്ള ദൈവനിയോഗമാണ് നിങ്ങൾക്കു ലഭിച്ചിരിക്കുന്നത്. മൂശെ ഇസ്രായേൽ ജനത്തിനുവേണ്ടിയും ഈശോ തന്റെ ശിഷ്യന്മാർക്കും ഭൂമിയിൽ തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുംവേണ്ടിയും ഹൃദയസ്പർശിയായി പ്രാർത്ഥിച്ചതുപോലെ നമ്മുടെ ദൈവജനത്തിനുവേണ്ടി നമ്മൾ ദൈവസന്നിധിയിൽ ഉള്ളുരുകി പ്രാർത്ഥിക്കണം. വിശ്വാസത്തോടെയുള്ള പ്രാർത്ഥന ദൈവം കേൾക്കും ഫലമുണ്ടാകും. ഈശോയും വൈദികനും തമ്മിലുള്ള ഉറ്റബന്ധത്തിൽ ഈശോയോടും ജനത്തോടുമുള്ള സ്നേഹത്താൽ നിറഞ്ഞ ഹൃദയത്തോടെയുള്ള പ്രാർത്ഥനയാണിത്. പരിശുദ്ധ കുർബാനയിലും അങ്ങനെയുള്ള പ്രാർത്ഥനയുടെ നിമിഷങ്ങളുണ്ടല്ലോ. കൂടാതെ, ജനത്തോടൊപ്പം നമ്മൾ ദൈവസന്നിധിയിലായിരിക്കുന്നതാണ്



സഭയുടെ ആരാധനക്രമം; പരിശുദ്ധ കുർബാനയും കൂദാശകളും കൂദാശാനുകരണങ്ങളും യാമപ്രാർത്ഥനയും, ആരാധനാവത്സരാധിഷ്ഠിതമായ ഇതരതിരുക്കർമ്മങ്ങളും പ്രാർത്ഥനകളുമൊക്കെ. മിശിഹായിലൂടെ സഭ നിർവ്വഹിക്കുന്ന ദൈവാരാധനയാണിത്. അതിന് പ്രത്യേക വൈശിഷ്ട്യവും ഫലസിദ്ധിയുമുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ഇവിടെയാണ് വൈദികന്റെ സാന്നിധ്യവും നേതൃത്വവും ഏറ്റവും അനിവാര്യമായിരിക്കുന്നത്. ദൈവം നമ്മോടുകൂടിയും നമ്മൾ ദൈവത്തോടുകൂടിയും ആയിരിക്കുന്ന അനുഭവമാണിത്. ആരാധനാസമൂഹത്തെ നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യേണ്ട വൈദികന്റെ അജപാലനശുശ്രൂഷ സാക്ഷാത്കരിക്കപ്പെടുന്നതും ഇവിടെയാണ്. അത് ഏറ്റവും ഒരുക്കത്തോടെയും ഉത്സാഹത്തോടെയും വൈദികർ നിർവഹിക്കണം.

## 5. കെണികളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുക.

ദൈവജനത്തിനു ദൈവത്തെ കണ്ടുമുട്ടാനും ദൈവസാന്നിധ്യം അനുഭവിക്കാനും സഹായിക്കേണ്ടവരാണ് വൈദികർ. സഭയുടെ ശരിയായ ദൈവാരാധനയാണ് അതിനുള്ള മുഖ്യവേദി. നമ്മുടെ ജനം അജ്ഞതകൊണ്ടോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ അന്ധവിശ്വാസം മൂലമോ മറ്റുള്ളവരുടെ ദു:സ്വാധീനംകൊണ്ടോ വഴിവിട്ട ആരാധനാരീതികളിലേക്കും പ്രാർത്ഥനാജീവിതത്തിലേക്കും പോകാൻ സാധ്യതയുണ്ട്. സാത്താൻസേവ, പരേതാത്മാക്കളെ വിളിച്ചുവരുത്തി കാര്യം സാധിക്കുക, മാലാകാമാരെ ക്ഷണിച്ച് വീട്ടിൽ കുടിയിരുത്തി ചില ആചാരങ്ങൾ നടത്തി സഹായം തേടുക തുടങ്ങിയവ ഉദാഹരണങ്ങളാണ്. പലരും ഇവയിലൊക്കെ ഇരകളായിത്തീരുന്നുണ്ട്. അതിനാൽ, തങ്ങളെ ഏൽപിച്ചിരിക്കുന്ന അജഗണങ്ങളെക്കുറിച്ച് ബഹു. അച്ചന്മാർ നിതാന്തജാഗ്രത ഉള്ളവരാകണം. ഒരാൾപോലും നഷ്ടപ്പെടാതിരിക്കാൻ നല്ല ഇടയനായ ഈശോയെപ്പോലെ കാവലിരിക്കേണ്ടവരും, നഷ്ടപ്പെട്ടവരെ അന്വേഷിച്ച് കണ്ടെത്താൻ ശ്രമിക്കേണ്ടവരുമാണ് വൈദികർ. കത്തോലിക്കാവിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കുന്നതോ, അതിരൂപതാധ്യക്ഷന്റെ അംഗീകാരമില്ലാത്തതോ ആയ ഭക്തിമുറകളും പ്രാർത്ഥനാരീതികളും യാതൊരു കാരണവശാലും അവലംബിക്കാനിടയാകരുത്. ആരും കെണിയിൽപെടാതിരിക്കാൻ അച്ചന്മാർ ശ്രദ്ധിക്കണം.

6. വിശ്വാസത്തിന്റെ ആഘോഷമാണല്ലോ ലിറ്റർജി അഥവാ ദൈവാരാധന. എന്നാൽ ദൈവാരാധനയുടെയും ഭക്തിയുടെയും മുഖംമൂടി അണിഞ്ഞ്, സത്യവിശ്വാസത്തിനു നിരക്കാത്ത പ്രാർത്ഥനാരീതികളും ആചാരങ്ങളും പ്രചരിപ്പിക്കുന്നത് ദുഷ്ടശക്തികളുടെയോ സഭാവിരുദ്ധരുടെയോ കെണികളാണെന്ന് തിരിച്ചറിഞ്ഞ് ദൈവജനത്തെ ശരിയായ ആരാധനാജീവിതത്തിൽ ഉറപ്പിച്ചുനിർത്താൻ ബഹു. വൈദികർക്ക് ഉത്തരവാദി

ത്വമുണ്ട്. സഭയുടെ വിശ്വാസപാരമ്പര്യങ്ങൾ നന്നായി മനസ്സിലാക്കിയും, ആരാധനാവത്സരത്തിലൂടെയുള്ള വിശ്വാസാഘോഷത്തിന്റെ ക്രമീകരണം കൃത്യമായി പഠിച്ചും വിശ്വാസികളെ പഠിപ്പിച്ചും, ഓരോ ഇടവകയേയും ഉത്തമ ആരാധനാസമൂഹമായി രൂപപ്പെടുത്താൻ വൈദികർ സർവാത്മനാ പരിശ്രമിക്കണം. ആരാധനാവത്സരത്തിലെ ഓരോ കാലത്തിന്റെയും ചൈതന്യം എന്തെന്നും, ഓരോ കാലത്തിലും അനുസ്മരിക്കുന്ന രക്ഷാരഹസ്യങ്ങളും ആചാരങ്ങളും ഏവയെന്നും, അവയുടെ ആഘോഷം എപ്രകാരമെന്നും അതാതു കാലങ്ങളിൽ ദൈവജനത്തെ അറിയിച്ചുകൊണ്ട് അവരുടെ ആത്മീയയാത്രയിൽ വൈദികർ അവരെ അനുധാവനം ചെയ്യുകയും, വഴിതെറ്റാതെ സഭയോടൊത്താണ് എല്ലാവരും ഈ യാത്രയിൽ പങ്കുചേരുന്നതെന്ന് ഉറപ്പുവരുത്തുകയും വേണം.

### 7. മംഗളവാർത്തക്കാലവും മരിയവണക്കവും

ദൈവപുത്രന്റെ മനുഷ്യാവതാരമാണല്ലോ മംഗളവാർത്തക്കാലത്ത് നാം അനുസ്മരിച്ചാഘോഷിക്കുന്ന മുഖ്യ രക്ഷാരഹസ്യം. വേർതിരിക്കാനാവാത്തവിധം അതിനോടു ചേർന്നു പോകുന്നതാണ് മിശിഹായുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ അനുസ്മരണവും മരിയവണക്കവും. ദൈവഹിതത്തിനു തന്നെത്തന്നെ പൂർണമായി സമർപ്പിച്ച് ദൈവപുത്രന്റെ അമ്മയായി എന്നതാണ് മറിയത്തിന്റെ മഹത്ത്വം. അതിനാൽ, മരിയസ്മരണക്കും വണക്കത്തിനും ഏറ്റവും ഉചിതമായ ആരാധനാവത്സരകാലഘട്ടം മംഗളവാർത്തക്കാലം തന്നെ. നമ്മുടെ സഭയുടെ ആരാധനാവത്സരാചരണത്തിൽ മരിയസ്മരണ ഏറ്റവും പ്രകടമായിരിക്കുന്നതും മംഗളവാർത്തക്കാലത്താണ്. ഈ കാലഘട്ടത്തിലെ യാമപ്രാർത്ഥനകളിൽ അത് കൂടുതൽ വ്യക്തമാണ്.

മറിയത്തിന്റെ അമലോൽഭവത്തിരുനാളും അനുമോദനത്തിരുനാളും തിരുക്കുടുംബത്തിന്റെ അനുസ്മരണവുമൊക്കെ ഈ കാലഘട്ടത്തിൽ സഭ ആചരിക്കുന്നു. മനുഷ്യാവതാരരഹസ്യത്തോടൊപ്പം മരിയവണക്കത്തിനും മംഗളവാർത്തക്കാലത്ത് പ്രാധാന്യം കൊടുക്കാൻ ശ്രദ്ധിക്കണം. മെയ് മാസവണക്കം, ഒക്ടോബർ മാസാചരണം (കൊന്തമാസം) എന്നിങ്ങനെയുള്ള മാസ വണക്കങ്ങൾ നമ്മുടെ ആരാധനാവത്സരത്തിന്റെ ഘടനയിലില്ലോ. കൊന്തനമസ്കാരം ആണ്ടുവട്ടം മുഴുവൻ ഏതു ദിവസവും ചൊല്ലാവുന്നതാണ്. മെയ് 15 –ന് 'വിത്തിന്റെയും വിളവിന്റെയും സംരക്ഷകയായി' മറിയത്തെ അനുസ്മരിക്കുന്നു. മറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായി എട്ടുനോമ്പും സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായി 15 – നോമ്പും നമ്മൾ ആചരിക്കുന്നു. കൂടാതെ ആണ്ടുവട്ടത്തിലെ എല്ലാ ബുധനാഴ്ചകളിലുംതന്നെ മറിയം അനുസ്മരിക്കപ്പെടുന്നുണ്ട്. ഇപ്രകാരം ആരാധനാവത്സരത്തിനനുസൃതമായുള്ള മരിയസ്മരണയും

വണക്കവുമാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്.

അനുമോദനത്തിരുനാളിൽ എല്ലാ മാതാക്കളെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടുള്ള സ്നേഹവും കടപ്പാടും പ്രകാശിപ്പിക്കുകയും ചെയ്യാം. നവമാതാക്കളെ പ്രത്യേകിച്ച് അനുമോദിക്കാം. തിരുക്കുടുംബത്തിന്റെ തിരുനാളിൽ എല്ലാ കുടുംബങ്ങളെയും സമർപ്പിച്ച് തിരുക്കുടുംബചൈതന്യത്താൽ നിറയ്ക്കാൻ പ്രാർത്ഥിക്കാം. നവകുടുംബങ്ങളെ പ്രത്യേകമായി അനുമോദിക്കാം. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാളിൽ എല്ലാ ശിശുക്കളെയും, പ്രത്യേകിച്ച് ചെറുപ്പത്തിൽതന്നെ മരണമടഞ്ഞവർ, ഗർഭാവസ്ഥയിൽവച്ചുതന്നെ കൊല്ലപ്പെട്ടവർ തുടങ്ങിയവരെ അനുസ്മരിച്ച് പ്രാർത്ഥിക്കാം

## 8. അത്ഭുത സ്ലീവായുടെ തിരുനാൾ - ഡിസംബർ 18

മൈലാപൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ 16-ാം നൂറ്റാണ്ടു മുതൽ നമ്മുടെ സഭയിൽ ആചരിച്ചിരുന്നതാണ്. ഈ സ്ലീവായുടെ സാദൃശ്യത്തിലുള്ള അലംകൃത സ്ലീവാകൾ നമ്മുടെ ദൈവാലയങ്ങളിൽ ധാരാളമായിട്ടുണ്ടായിരുന്നതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മാർത്തോമ്മാനസ്രാണി സഭാപാരമ്പര്യത്തിലെ ഒരു പ്രധാന ആരാധനാപ്രതീകമാണിത്. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ പ്രതീകം എന്ന നിലയിൽ ദൈവാരാധനയിലും ദൈവാലയത്തിലും ഈ സ്ലീവാ വണങ്ങപ്പെടുന്നു. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവുമായിട്ടുള്ള ബന്ധംമൂലം മാർത്തോമ്മാസ്ലീവാ എന്ന് പൊതുവായി അറിയപ്പെടുന്നു. ഡിസംബർ 18 - ന് അത്ഭുതസ്ലീവായുടെ തിരുനാൾ ഉചിതമായി ആചരിക്കുന്നത് നമ്മുടെ സഭാ പാരമ്പര്യത്തിനു ചേർന്നതും മിശിഹായുടെ ഉയിർപ്പിലുള്ള നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവുമാണ്. ദൈവാലയങ്ങളിലും വീടുകളിലും ഈ സ്ലീവാ സ്ഥാപിച്ചു വണങ്ങപ്പെടേണ്ടതാണ്.

ഡിസംബർ 21 -ന് തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമ്മദിനമായി ആചരിക്കുന്നതും നമ്മുടെ സഭാപാരമ്പര്യത്തിലുള്ളതാണ്.

പ്രിയപ്പെട്ടവരേ,

പഞ്ചവത്സര അജപാലനപദ്ധതിയുടെ നാലാം വർഷാചരണത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. മൂന്നാം വർഷാചരണത്തിന്റെ മുഖ്യവിഷയമായിരുന്ന ദൈവാരാധനതന്നെയാണ് ഈ വർഷവും തുടരുന്നത്. നമ്മുടെ വിശ്വാസ ജീവിതത്തിൽ ദൈവാരാധനയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷാചരണം ഏറ്റവും സജീവമായും ഫലപ്രദമായും ആചരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. നിങ്ങളെല്ലാവരുടെയും മേൽ കർത്താവിന്റെ കൃപ സമൃദ്ധമായി ഉണ്ടാകട്ടെ. ■



# കോവിഡ് കാലം നൽകുന്ന പാഠങ്ങൾ

**കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി... (ലൂക്കാ 2:8)**

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഏറ്റവും വാത്സല്യമുള്ള കുഞ്ഞുമക്കളേ,

നമ്മളെല്ലാവരും ഒരു വ്യത്യസ്തമായ കാലഘട്ടത്തിൽ ക്രിസ്തുമസ് ആഘോഷിക്കുകയാണല്ലോ. നിങ്ങൾക്കെല്ലാവർക്കും ക്രിസ്തുമസ്സിന്റെ വലിയ സന്തോഷം, രക്ഷ ആശംസിക്കുന്നു.

ഈ കോവിഡ്കാലം നമുക്ക് ഒത്തിരി പാഠങ്ങൾ നൽകുന്ന അവസരമായിരുന്നു. യഥാർത്ഥത്തിൽ ക്രിസ്തുമസ്സിന്റെ, ഈശോയുടെ ജനനത്തിന്റെ ഒത്തിരി സന്ദേശങ്ങൾ നമ്മളെല്ലാവരും സന്യാസരൂപിയോടെ പഠിക്കുന്ന കാലഘട്ടമായിരുന്നു ഈ കോവിഡ് കാലം. ക്രിസ്തുമസ്സിന്റെ ഒരു വലിയ സന്ദേശം ലാളിത്യത്തിന്റേതാണ്. ഈശോ നമ്മെ തേടിവരുന്നത് വലിയ ഭൂകമ്പങ്ങളിലോ, കൊടുങ്കാറ്റിന്റെ ആരവത്തിലോ ഒന്നുമല്ല. പുൽത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവായിട്ടാണ് അവിടുന്നു നമ്മെ തേടിവരുന്നത്. യഥാർത്ഥത്തിൽ ക്രിസ്ത്യാനികളുടെ ദൈവം ആരാണെന്ന് ചോദിച്ചാൽ നമുക്ക് ആ പുൽക്കൂട്ടിലേയ്ക്ക് വിരൽചൂണ്ടാൻ സാധിക്കും. മറ്റുള്ളവർക്ക് അത് വിശ്വസിക്കാൻ സാധിക്കില്ല. ദൈവം പുൽക്കൂട്ടിൽ വന്നു ജനിക്കുമോ എന്ന് ചോദിക്കാം. പക്ഷേ വലിയ ലാളിത്യത്തിന്റെ സന്ദേശം നൽകികൊണ്ടാണ് നമ്മുടെ ദൈവം എന്നും നമ്മോട് സംസാരിക്കുന്നത്. ഈ കൊറോണക്കാലത്ത് നാം ഏറ്റവും കൂടുതൽ മുഖാമുഖം കണ്ട് ജീവിച്ചൊരു യാഥാർത്ഥ്യമാണ് ഈ ലാളിത്യം. ഈ കാലം പുതിയൊരു പാഠം നമ്മെ പഠിപ്പിക്കുകയാണ്; ഈ കാലത്തിലൂടെ കൂദാശകളുടെ ആന്തരിക അർത്ഥ



**ലാളിത്യത്തിന്റെ ഭാവത്തിൽ ഒത്തിരി മനുഷ്യർക്ക് അനുഗ്രഹമായിത്തീരുകയാണ് ഈ കോവിഡ് തുടർന്നും നമ്മൾ ജീവിതത്തിൽ പുലർത്തേണ്ട ഒരു വലിയ ഭാവമാണ് ഈ ലാളിത്യം.**

ത്തിലേയ്ക്ക് നമ്മളെല്ലാം തിരിച്ചുവന്നു. യഥാർത്ഥത്തിൽ പുൽത്തൊഴുത്തിൽ രക്ഷകന്റെ കൂടെ കഴിഞ്ഞിരുന്ന യൗസേപ്പിതാവിനെയും മാതാവിനെയും പോലെ നമ്മളും ദൈവത്തോട് ഒത്തിരി അടുത്തിരിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നു. ലാളിത്യത്തിന്റെ ഭാവത്തിൽ ഒത്തിരി മനുഷ്യർക്ക് അനുഗ്രഹമായിത്തീരുകയാണ് ഈ കോവിഡ് തുടർന്നും നമ്മൾ ജീവിതത്തിൽ പുലർത്തേണ്ട ഒരു വലിയ ഭാവമാണ് ഈ ലാളിത്യം. അതുപോലെതന്നെ ആരവങ്ങളുടേയും ആർപ്പുവിളികളുടേയും പ്രചാരങ്ങളുടേയും പ്രസിദ്ധിയുടേയുമെല്ലാം പിന്നാലെ പോവാതെ നമുക്ക് ഈശോ ആരാണെന്ന് കണ്ടെത്തി ആ ഈശോയിൽ ജീവിക്കുവാൻ സാധിക്കണം. ഈശോ ഭയപ്പെടേണ്ടവനല്ല, ഈശോ വലിയ മഹിമയോടുകൂടി നമ്മളിൽനിന്ന് അകന്നുനിൽക്കുന്നവനല്ല, നമ്മുടെ കൂടെ, നമുക്ക് എടുത്തു നടക്കാവുന്ന ഒരു കുഞ്ഞായി, നമുക്ക് സഹിക്കാവുന്ന ഒരു മനുഷ്യനായി, ദുർബലമാകുന്ന ഒരു ജീവിതാവസ്ഥയിലൂടെ കടന്നുപോകുന്ന ഒരു വ്യക്തിയായി നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും കടന്നുവരുകയാണ്. ആ ലാളിത്യത്തിന്റെ ഭാവത്തോടെ ഈശോയെ കാണാൻ സാധിക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

രണ്ടാമതായി, ഈ ക്രിസ്തുമസ് നമുക്ക് തരുന്ന പ്രത്യേക സന്ദേശം ഹൃദ്യതയുടേതാണ്. ഈ കൊറോണക്കാലത്ത് നമ്മളെല്ലാവരും വീടുകളിൽ ആയിരിക്കാൻ നിർബന്ധിതരായി. എല്ലാ കുടുംബങ്ങളിലും കുടുംബാംഗങ്ങൾ പരസ്പരം കണ്ടതോടെ, മാതാപിതാക്കളും മക്കളുമെല്ലാം ഒരുമിച്ച് ഭക്ഷണം കഴിക്കാൻ തുടങ്ങിയതോടെ, പ്രാർത്ഥിക്കാൻ തുടങ്ങിയതോടെ, ഒരുമിച്ചിരുപ്പിന്റെ ആ സന്തോഷം അനുഭ

**ഒരു സാധാരണ കുടുംബത്തിന്റെ സർവ്വവേദനകളും അസ്വസ്ഥതകളും ആശങ്കകളും സന്തോഷങ്ങളും സുഖങ്ങളുമെല്ലാം ആസ്വദിച്ചുകൊണ്ട് അവിടുന്നു പിറന്നുവീണു എന്നു പറയുമ്പോൾ കുടുംബത്തിന്റെ മനോഹാരിത നമ്മുടെ ഉള്ളിലേയ്ക്ക് കടത്തിവിടുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു**



വിക്കാൻ തുടങ്ങിയതോടെ പല കുടുംബങ്ങളിലും പ്രശ്നങ്ങൾ മാറിത്തുടങ്ങി. പുൽക്കൂട് നമ്മെ ആദിമകുടുംബത്തിന്റെ മഹത്ത്വത്തിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. ഒരു സാധാരണ കുടുംബത്തിന്റെ സർവ്വ വേദനകളും അസ്വസ്ഥതകളും ആശങ്കകളും സന്തോഷങ്ങളും സുഖങ്ങളുമെല്ലാം ആസ്വദിച്ചുകൊണ്ട് അവിടുന്നു പിറന്നുവീണു എന്നു പറയുമ്പോൾ കുടുംബത്തിന്റെ മനോഹാരിത നമ്മുടെ ഉള്ളിലേയ്ക്ക് കടത്തിവിടുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. ഹൃദ്യതയുടെ അനുഭവം നമ്മളിലേയ്ക്ക് കൊണ്ടുവന്നു. അതും പുൽക്കൂടിന്റെ ക്രിസ്തുമസ്സിന്റെ മനോഹരമായ സന്ദേശമാണ്.

മൂന്നാമതായി, ഈ കോവിഡ് കാലം ദൈവം എവിടെയായിരുന്നുവെന്നു ചോദിച്ചാൽ ഞാൻ പറയും ദൈവം നമ്മോടുകൂടെ (അമ്മനു എൽ). അവൻ നമ്മോടുകൂടെ ഉണ്ടായിരുന്നു. അവന് ദൈവാലയങ്ങളിലെ ആൾക്കൂട്ടങ്ങളിൽ നമ്മളെ തേടിവരാൻ സാധിച്ചില്ല. പക്ഷേ, ഗാർഹികസഭയെന്ന കുടുംബമാകുന്ന സഭയിൽ ഈശോ നമ്മോടുകൂടെ ഉണ്ടായിരുന്നു. കൂടെ നടക്കുന്ന ഈശോയെ കാണുവാൻ നമുക്ക് കിട്ടിയ മനോഹരമായ ഒരു അവസരമാണ് ഈ കൊറോണക്കാലം. നമ്മൾ മനസ്സ് മടുത്തിരിക്കുമ്പോൾ ഈശോ നമ്മോടുകൂടെ ഉണ്ട്. അവനെ കാണുവാൻ നമുക്ക് വിശ്വാസത്തിന്റെ കണ്ണുകൾ വേണമെന്നു മാത്രമേ ഉള്ളൂ.

കുടുംബത്തിന്റെ, ലാളിത്യത്തിന്റെ, സ്നേഹത്തിന്റെ, സന്യാസത്തിന്റെ, പ്രകൃതിയുമായുള്ള ബന്ധത്തിന്റെ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ആ പാഠങ്ങൾ നമുക്ക് പഠിക്കാം. അതാണ് ദൈവം ആഗ്രഹിക്കുന്നത്.

കോവിഡ് കാലം നമ്മെ പഠിപ്പിച്ച നല്ല പാഠങ്ങൾ ജീവിതത്തിൽ തുടരാം. അതാകട്ടെ ഈ ക്രിസ്തുമസ്സിന്റെ സന്ദേശം എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കുറേ മൂല്യങ്ങൾ ദൈവം നമ്മെ പഠിപ്പിക്കുന്നു. കുടുംബത്തിന്റെ, ലാളിത്യത്തിന്റെ, സ്നേഹത്തിന്റെ, സന്യാസത്തിന്റെ, പ്രകൃതിയുമായുള്ള ബന്ധത്തിന്റെ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ആ പാഠങ്ങൾ നമുക്ക് പഠിക്കാം. അതാണ് ദൈവം ആഗ്രഹിക്കുന്നത്.

നിങ്ങൾക്കെല്ലാവർക്കും വളരെ മനോഹരമായ, ഹൃദ്യമായ ലാളിത്യത്തിന്റേയും സ്നേഹത്തിന്റെയും ക്രിസ്തുമസ്സ് ആശംസിക്കുന്നു.

ദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.





# ക്രിസ്തുമസ് സന്ദേശം

**പ്രത്യാശയുടെ സന്തോഷവാർത്ത**

കോവിഡ് മഹാമാരി മാനവരാശിയുടെമേൽ കരിനിഴൽ പകർത്തിയിരിക്കുന്ന ഒരു അന്തരീക്ഷത്തിൽ പ്രത്യാശയുടെ വെള്ളിവെളിച്ചവുമായി ക്രിസ്തുമസ് സമാഗതമാവുകയാണ്. ''ഇതാ സർവ്വ ജനത്തിനും വേണ്ടിയുള്ള ഒരു സന്തോഷവാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു'' എന്ന് പറഞ്ഞ് കൊണ്ടാണല്ലോ ആട്ടിടയന്മാർക്ക് ഈശോ പിറന്ന ദൂത് നൽകുന്നത് (ലൂക്കാ 2.20). പലസ്തീനായിലെ ജനങ്ങൾ റോമൻ അടി മത്തത്തിൽ ഞെരിഞ്ഞമർന്ന അക്കാലഘട്ടത്തിൽ ഒരു രക്ഷകൻ പിറക്കുന്ന വാർത്ത അവർക്ക് വലിയ ഒരു ആശ്വാസമായിരുന്നു. എന്നാൽ ഭൗതികവിമോചനത്തെക്കാളുപരി മനുഷ്യന്റെ സമഗ്ര വിമോചനവുമായാണ് ഈശോ കടന്നുവന്നത്. ''നീ അവന് ഇശോ എന്നു പേരിടണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ പാപങ്ങളിൽ നിന്ന് രക്ഷിക്കും'' എന്നാണല്ലോ മാർ യൗസപ്പിനു ലഭിച്ച സന്ദേശം (മത്താ 2:21). ഈശോ എന്ന നാമത്തിന്റെ അർഥംതന്നെ യാഹ്‌വേ രക്ഷിക്കുന്നു എന്നാണല്ലോ. അങ്ങകലെയിരുന്നു രക്ഷിക്കുന്ന ഒരുവനായിട്ടല്ല, 'അമ്മനു എൽ' ദൈവം നമ്മോടുകൂടി എന്ന പ്രവാചകവചനം (ഏശ 7:14) അവനിൽ നിവൃത്തിയാകുംവിധത്തിലാണ് ഈശോ അവതരിച്ചത്. പാപമൊഴിച്ചു മറ്റെല്ലാക്കാര്യങ്ങളിലും മനുഷ്യന്റെ എല്ലാ അവസ്ഥാന്തരങ്ങളിലും അവൻ പങ്കുചേർന്നു എന്നു ഹെബ്രായലേഖനം ചൂണ്ടിക്കാട്ടുന്നു (ഹെബ്രാ 2:27;

> പാപമൊഴിച്ചു
> മറ്റെല്ലാക്കാര്യങ്ങളിലും മനുഷ്യന്റെ
> എല്ലാ അവസ്ഥാന്തരങ്ങളിലും
> അവൻ പങ്കുചേർന്നു എന്നു
> ഹെബ്രായലേഖനം ചൂണ്ടിക്കാട്ടുന്നു



4:15). സഭ ആധുനികയുഗത്തിൽ എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ പറയുന്നതുപോലെ അവൻ ചരിത്രത്തെ തന്നോട് ചേർത്തും അതിനെ സമാഹരിച്ചും ഒരു പൂർണ്ണമനുഷ്യ നായിത്തീർന്ന് ലോകചരിത്രത്തിലേക്കു കടന്നുവന്നു (No 58). മാന വചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണ് ഈശോ. ചരിത്രത്തെ ക്രിസ്തുവിനു മുമ്പും പിമ്പും എന്നു അവൻ രണ്ടായി പകുത്തു.

ചരിത്രത്തിൽ സംഭവിച്ച ഈ യാഥാർത്ഥ്യം ഓരോരുത്തരും തങ്ങളുടെ വ്യക്തിജീവിതത്തിൽ അന്വർത്ഥമാക്കുമ്പോൾ അത് അവർക്കു രക്ഷയായി ഭവിക്കും. ''കലാസമ്പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ അയച്ചു, അവൻ സ്ത്രീയിൽനിന്നു സംജാത നായി നിയമത്തിനു വിധേയനായി ജീവിച്ചു. അങ്ങനെ, നിയമത്താൽ ബന്ധിതരായവരെ മോചിക്കുകയും നമുക്ക് ദത്തുപുത്രസ്ഥാനം നേടിത്തരുകയും ചെയ്തു. അങ്ങനെ നാം മക്കളാകയാൽ അബാ – പിതാവേ, എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു'' എന്നാണ് മനുഷ്യാ വതാരത്തേക്കുറിച്ച് പുതിയനിയമത്തിലെ ആദ്യത്തെ പ്രതിപാദനമായ പൗലോസ് ശ്ലീഹായുടെ  ഗലാത്തിയ ലേഖനം യുക്തിസഹമായി പ്രതിപാദിക്കുന്നത് (ഗലാ 4.4–6).

**മനുഷ്യാവതാരം മാനവരക്ഷക്കുവേണ്ടി**

''അവൻ തന്റെ സ്വന്തം ജനങ്ങളിലേക്കു വന്നു, എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല; എന്നാൽ തന്നെ സ്വീകരിച്ച സകലർക്കും – തന്റെ നാമത്തിൽ വിശ്വസിക്കുന്ന സകലർക്കും അവൻ ദൈവമക്കളാകാൻ അവൻ അവകാശം നൽകി'' എന്നു യോഹന്നാൻ പഠിപ്പിക്കുന്നു (യോഹ 1:11–12).

പരി. ത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻതമ്പുരാൻ മനുഷ്യനായത് എന്തിനുവേണ്ടിയായിരുന്നു? ''മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യ നായി'' എന്നു സഭാപിതാവായ മാർ അത്തനേഷ്യസ് ഭംഗ്യന്തരണേ പ്രസ്താവിച്ചു. ''നിന്റെ ദൈവത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കാൻ നീ ഞങ്ങളുടെ മനുഷ്യത്വം സ്വീകരിച്ചു'' എന്നാണ് രണ്ടാം നൂറ്റാ ണ്ടിൽ വിരചിതമായ അദ്ദായി–മാറി ശ്ലീഹന്മാരുടെ കൂദാശ പ്രാ ഘോഷിക്കുന്നത്. മനുഷ്യാവതാരം മനുഷ്യ രക്ഷക്കുവേണ്ടിയായിരുന്നു. ''മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷക്കുംവേണ്ടി അവൻ സ്വർഗ്ഗത്തിൽ നിന്നി റങ്ങി പരിശുദ്ധാത്മാവിനാൽ കന്യ കാമറിയത്തിൽ നിന്നു ശരീരം

തന്റെ നാമത്തിൽ വിശ്വസിക്കുന്ന സകലർക്കും അവൻ ദൈവമക്കളാകാൻ അവൻ അവകാശം നൽകി



**ഇനിയും മരുന്നു കണ്ടുപിടിക്കാനാവാത്ത മഹാരോഗങ്ങളുടെ, ശത്രുതയുടെയും വിദ്വേഷത്തിന്റെയും മുൻവിധികളുടെയും ഭയത്തെത്തിന്റെയും അശുദ്ധിയുടെയും തിന്മയുടെയുമൊക്കെ അന്ധകാരപ്പടർപ്പിൽ നിന്നും ഓരോ മനുഷ്യഹൃദയവും വിമോചിതകുവാൻ ഉന്നതത്തിൽനിന്നുള്ള ഉദയശ്മിയായ ഈശോ**

സ്വീകരിച്ച് മനുഷ്യനായി പിറന്നു'' എന്നാണല്ലോ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റുപറയുന്നത്.

സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചമാണ് ഈശോ എന്നു യോഹന്നാൻ അവതരിപ്പിക്കുന്നുണ്ടല്ലോ (യോഹ 1:9). പല തരത്തിലുള്ള അന്ധകാരങ്ങൾ ഗ്രസിച്ചിരിക്കുന്ന ഈ ലോകത്തിൽ മനുഷ്യ ഹൃദയങ്ങളിൽ യഥാർത്ഥ വെളിച്ചം തെളിച്ചു കൊടുക്കുവാൻ ഈശോ വരുന്നു. ഇനിയും മരുന്നു കണ്ടുപിടിക്കാനാവാത്ത മഹാരോഗങ്ങളുടെ, ശത്രുതയുടെയും വിദ്വേഷത്തിന്റെയും മുൻവിധികളുടെയും ഭയത്തെത്തിന്റെയും അശുദ്ധിയുടെയും തിന്മയുടെയുമൊക്കെ അന്ധകാരപ്പടർപ്പിൽ നിന്നും ഓരോ മനുഷ്യഹൃദയവും വിമോചിതകുവാൻ ഉന്നതത്തിൽനിന്നുള്ള ഉദയശ്മിയായ ഈശോ (ലൂക്കാ 1:78) നമ്മെ സന്ദർശിക്കേണ്ടിയിരിക്കുന്നു. ''ഉറങ്ങുന്നവനേ ഉണരുക, മരിച്ചവരിൽ നിന്നും എഴുന്നേൽക്കുക ക്രിസ്തു നിന്റെമേൽ പ്രകാശിച്ചിരിക്കുന്നു'' എഫേ 5:14). പ്രതിസന്ധികൾക്കിടയിലുള്ള ഈ ക്രിസ്മസ്കാലത്ത് ആകാശത്തും ഭൂമിയിലും വിടരുന്ന താരങ്ങൾ ഈശോയുടെ ഈ സത്യവെളിച്ചത്തിലേക്ക് കടന്നുവരാൻ നമ്മെ ക്ഷണിക്കുന്നു.



**മകരം തിരുനാൾ**
**2021 ജനുവരി 14 മുതൽ 31 വരെ**
നൊവേന • പ്രദക്ഷിണം
ജനുവരി 14 – കൊടിയേറ്റ്
ജനുവരി 23, 24
പ്രധാന തിരുനാൾ ദിനങ്ങൾ
ജനുവരി 31 – കൊടിയിറക്ക്

## അനുസ്മരണം



**Sr. Mary Varghese Kachapally**
*Servants of our Immaculate Lady (S.O.I.L) Sevanodhyan*

**എറണാകുളം** അതിരൂപതയിൽ അങ്കമാലി സെന്റ് ജോർജ് ഫൊറോനാപള്ളി ഇടവകാംഗമായ കാച്ചപ്പള്ളിൽ വർഗ്ഗീസ് ആന്റണിയുടേയും മറിയാമ്മ വർഗ്ഗീസിന്റേയും മകളായി 1949–ൽ ആയിരുന്നു ജനനം. പ്രാഥമിക വിദ്യാഭ്യാസം കറുകുറ്റി സെന്റ് ജോസഫ്സ് ഗേൾസ് സ്കൂളിലും. അങ്കമാലി അമ്മ പ്രസ്സിൽ ജോലിയിലായിരിക്കെ 1975–ൽ സേവനോദ്യാനത്തിൽ അംഗമായി ചേർന്നു. സഭയുടെ നിയമങ്ങൾ പാലിച്ചു പോരുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും പരോപകാരവും കൃത്യനിഷ്ഠയും ജീവിതത്തിൽ കൈമുതലായിരുന്നു. നേഴ്സറി കുട്ടികളെ പഠിപ്പിക്കുക, കൂടാതെ ഗദ്സമനി ഇടവകയിൽ 5 വർഷക്കാലത്തോളം സൺഡേസ്കൂളിൽ ടീച്ചറായി സേവനം ചെയ്തിരുന്നു. വാർഡിലെ പ്രാർത്ഥനകൂട്ടായ്മയിലെ നിറസാന്നിദ്ധ്യമായിരുന്നു. 1980 മുതൽ 2016 വരെ അസംപ്ഷൻ കോളേജിൽ സേവനം ചെയ്തിരുന്നു. 2008 ൽ ആദ്യവ്രതവും 2015–ൽ നിത്യവ്രതവും ചെയ്തു. വിശ്രമജീവിതത്തിലായിരുന്ന സമയത്തും മറ്റുള്ളവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. 12–12–2020–ൽ സി. മേരി വർഗീസ് കർത്താവിൽ നിദ്രപ്രാപിച്ചു.



# പിറവിത്തിരുനാൾ തിരുക്കർമ്മങ്ങളിലൂടെ

**പിറവിത്തിരുനാൾ കർമ്മത്തിലൂടെ മിശിഹായെ കണ്ടുമുട്ടുക**

ചരിത്രസംഭവമായ രക്ഷകന്റെ ജനനം പിറവിത്തിരുനാൾ തിരുക്കർമ്മങ്ങളിലൂടെ നാം ആചരിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുകയാണ്. ഇന്നലെയും ഇന്നും എന്നും ഒരേ ആളായ മിശിഹാ (ഹെബ്രാ 13:8) തന്റെ പരിശുദ്ധറൂഹായുടെ ശക്തിയാൽ തന്റെ ശരീരമായ സഭയിൽ വസിച്ചുകൊണ്ട് (റോമാ 12:5) തന്റെ സാന്നിദ്ധ്യവും രക്ഷയും പകരുകയാണ്. പിറവിത്തിരുനാളിന്റെ പ്രാർത്ഥനകളും കർമ്മാനുഷ്ഠാനങ്ങളും പ്രദക്ഷിണവും പരി. കുർബാന അർപ്പണവുമെല്ലാം മിശിഹായെ നമ്മുടെ ജീവിതത്തിൽ നവമായി കണ്ടുമുട്ടാനും അവൻ നല്കുന്ന ദൈവപുത്രത്വവും രക്ഷയും അനുഭവിക്കാനുമുള്ള അവസരമാണ്. സത്യവിശ്വാസത്തോടും നിർമ്മലസ്നേഹത്തോടും

കൂടി തിരുപ്പിറവിയുടെ കർമ്മങ്ങളിൽ പങ്കുചേർന്ന് ദൈവാനുഗ്രഹ വും കൃപയും സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

## തിരുപ്പിറവി പൌരസ്ത്യ-പാശ്ചാത്യസഭകളിൽ

മിശിഹായുടെ പെസഹാരഹസ്യങ്ങളാണ് - പീഡാനുഭവവും മരണ വും ഉത്ഥാനവുമാണ് - ആദിമകാലഘട്ടങ്ങളിൽ സഭ ആചരിച്ചിരു ന്നത്. എന്നാൽ നാലാം നൂറ്റാണ്ടോടുകൂടി മിശിഹായുടെ ജനനവും സഭയിൽ ആഘോഷിക്കാൻ തുടങ്ങി. ആര്യൻ പാഷണ്ഡതയ്ക്കെതി രെ മിശിഹായുടെ ദൈവത്വം അംഗീകരിച്ചുറപ്പിച്ച നിഖ്യാസൂനഹ ദോസിന്റെ പ്രഖ്യാപനവും (പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനുമായ പുത്രന്റെ പൂർണ്ണദൈവത്വം; നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു പിറന്ന പൂർണദൈവവും പൂർണ മനുഷ്യ നുമായ ഈശോമിശിഹായുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള പ്രബോധ നം) റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതത്തിനുണ്ടായ അംഗീകാരവും മിശിഹായുടെ ജനനത്തിരുനാൾ ആഘോഷിക്കാനുള്ള പ്രേരകഘട കങ്ങളായി മാറി. സൂര്യദേവന്റെ ആരാധകരായിരുന്ന റോമൻ ജനത ഏ. ഡി. 274-ൽ ഓറേലിയൻ ചക്രവർത്തിയുടെ കാലത്ത് ഡിസം. 25 ന് അജയ്യനായ സൂര്യന്റെ ജനനത്തിരുനാൾ ആചരിക്കാൻ തുട ങ്ങി. ശൈത്യകാലത്തിനുശേഷം സൂര്യപ്രകാശം കൂടിവരുന്ന winter solistice മകരസംക്രാന്തിയായ ഡിസം. 21 നെ സൂര്യന്റെ ജനനമായി ക്കണ്ട് ജനങ്ങൾ ആരാധിച്ചിരുന്നു. ഇത് ഒരു ശിശിരകാലോത്സവം കൂടിയായിരുന്നു. ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി റോമിലെ ക്രൈസ്തവർ ഇതേദിവസത്തെ യഥാർത്ഥ നീതിസൂര്യനും (മലാകി 4:2) ലോകത്തിന്റെ പ്രകാശവുമായ ഈശോമിശിഹായുടെ (യോഹ 1:9, 8:12; 9:5) തിരുനാളായി ആചരിക്കാനാരംഭിച്ചു. മംഗള വാർത്തത്തിരുനാളായ മാർച്ച് 25ന് ഒൻപതു മാസങ്ങൾക്കു ശേഷം. വരുന്ന ഡിസം 25ന് പിറവിത്തിരുനാൾ ആഘോഷിക്കാൻ തുടങ്ങി പൌരസ്ത്യസഭകളിൽ ജൂലിയൻ കലണ്ടറനുസരിച്ച് ജനു. 6 ന് മിശി ഹായുടെ എപ്പിഫനിയും (ദനഹാ) റോമാസഭയിൽ ഡിസം. 25 ന് മി ശിഹായുടെ ജനനവും കൊണ്ടാടാനാരംഭിച്ചു. ഏ.ഡി. 336 മുതലെങ്കി ലും റോമിൽ മിശിഹായുടെ ജനനത്തിരുനാൾ ആചരിച്ചിരുന്നതായി ചരിത്രം ചൂണ്ടിക്കാട്ടുന്നു. പിതാവിൽനിന്നുള്ള പുത്രന്റെ അനാദിയി ലേയുള്ള ജനനവും, ചരിത്രത്തിൽ കന്യകയിൽനിന്നു പിറന്ന ഈ ശോയുടെ മനുഷ്യാവതാരവും ആചരിക്കുന്ന പിറവിത്തിരുനാളായി ഈ ആചരണം റോമാസാമ്രാജ്യത്തിന്റെ കിഴക്കൻഭാഗങ്ങളിലേക്കും

മറ്റു സഭകളിലേക്കുമെല്ലാം വ്യാപിക്കുകയാണുണ്ടായത്. സ്ഥലകാല ഭേദമില്ലാതെയും വിവിധ ആചരണങ്ങളിലൂടെയും ലോകം മുഴുവനെയും പ്രകാശിപ്പിക്കുന്ന വെളിച്ചമായ മിശിഹായുടെ തിരുപ്പിറവി എല്ലാ സഭകളിലും കൊണ്ടാടാനാരംഭിച്ചു.

**പിറവിത്തിരുനാൾ നമ്മുടെ സഭയിൽ**

നമ്മുടെ ആരാധനാവത്സരത്തിന് ആരംഭംകുറിക്കുന്ന മംഗളവാർത്തക്കാലത്തെ കേന്ദ്രതിരുനാളാണ് പിറവിത്തിരുനാൾ. ഇരുപത്തിയഞ്ചുനോമ്പ് ആചരിച്ച് പ്രാർത്ഥിച്ചും ഉപവസിച്ചും ആന്തരികമായി ഒരുങ്ങിയാണ് രക്ഷകന്റെ തിരുപ്പിറവിക്കായി നാം അണയുന്നത്. ''നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു'' എന്ന് പരി. കുർബാനയിൽ മൂന്നാം ഗ്ഹാന്തായിൽ അനുസ്മരിക്കുന്നുണ്ടല്ലോ. മനുഷ്യാവതാരരഹസ്യത്തെയും അതുവഴി മനുഷ്യവർഗത്തിനു സംലബ്ധമായ രക്ഷയെക്കുറിച്ചുമാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ പ്രതി പാദിക്കുന്നത്. ഈശോമിശിഹായിലൂടെയുള്ള ദൈവത്തിന്റെ പ്രത്യക്ഷീകരണം, പിതാവിനോടുകൂടി ഏക ദൈവികസത്തയായ പുത്രന്റെ അസ്തിത്വം, മിശിഹായുടെ ദൈവത്വവും കന്യകാജനനവും, പ്രവചനങ്ങളുടെ പൂർത്തീകരണമായ മിശിഹായുടെ ജനനം, പുത്രന്റെ സമ്പൂർണ മനുഷ്യത്വവും ദൈവത്വവും, ദാവീദിന്റെ പുത്രനായ മിശിഹായുടെ തിരുജനനവും ബാല്യവും, മിശിഹായുടെ മാതാവായ മറിയത്തിന്റെ മാതൃസ്ഥാനം, തിരുപ്പിറവിക്ക് മറ്റു പെസഹാരഹസ്യങ്ങളുമായുള്ള ബന്ധം, മിശിഹാ ലോകത്തിന്റെ പ്രകാശം, പാപത്തിന്റെയും മരണത്തിന്റെയും നാശം, മനുഷ്യന്റെ ദൈവികീകരണം, പ്രപഞ്ചത്തിന്റെ മുഴുവൻ വീണ്ടെടുപ്പ്, തിരുപ്പിറവി നല്കുന്ന രക്ഷയുടെ ആനന്ദം എന്നിവയെല്ലാം (പകാശിപ്പിക്കുന്ന പ്രാർത്ഥനകളാണ് തിരുപ്പിറവിയോടനുബന്ധിച്ചുള്ള കർമ്മങ്ങളിലുള്ളത്. പിറവിത്തിരുനാളിന്റെ തലേദിവസത്തെ സായാഹ്നജപമായ റംശാ, ലെലിയ, രാത്രി ജാഗരണം, സപ്രാ എന്നിവയിലാണ് മേല്പറഞ്ഞ പിറവിയുടെ ദൈവശാസ്ത്രചിന്തകൾ

> **തീയുഴൽച്ചാകർമ്മം**
>
> **ഒരിക്കലും അസ്തമിക്കാത്ത നീതിസൂര്യനായ മിശിഹായുടെ ജനനം ലോകത്തിൽ രക്ഷയുടെ കതിരൊളി ചിന്തിയതിനെ അനുസ്മരിച്ചുകൊണ്ട് രക്ഷകനായ മിശിഹായെ ഓരോരുത്തരും സ്വീകരിച്ച് ആരാധിക്കുന്ന കർമ്മമാണിത്.**

പ്രകാശിപ്പിക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളുമുള്ളത്. ഇവ ഇനിയും പുനരുദ്ധരിച്ചിട്ടില്ല. പിറവിത്തിരുനാളിന്റെ കർമ്മങ്ങളിലും പരി. കുർബാനയിലെ പ്രോപ്രിയയിലും ഇതേ പ്രമേയങ്ങൾ കാണാവുന്നതാണ്.

### തീയുഴൽച്ചാകർമ്മം

**പുരാതനകർമ്മം:** നമ്മുടെ സഭയുടെ തനതായ പിറവിത്തിരുനാൾ അനുഷ്ഠാനമാണ് തീയുഴൽച്ച. ഒരിക്കലും അസ്തമിക്കാത്ത നീതിസൂര്യനായ മിശിഹായുടെ ജനനം ലോകത്തിൽ രക്ഷയുടെ കതിരൊളി ചിന്തിയതിനെ അനുസ്മരിച്ചുകൊണ്ട് രക്ഷകനായ മിശിഹായെ ഓരോരുത്തരും സ്വീകരിച്ച് ആരാധിക്കുന്ന കർമ്മമാണിത്. തിരുപ്പിറവി വിളംബരത്തിനുശേഷം ദേവാലയത്തിൽനിന്ന് കാർമ്മികൻ പ്രദക്ഷിണമായി ദേവാലയമുറ്റത്ത് ത്രികോണാകൃതിയിൽ സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്തേക്കു വരുന്നു. അവിടെ പള്ളിയിലേയ്ക്കു തിരിഞ്ഞു നിന്നുകൊണ്ട് ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി – ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും'' എന്നു സമൂഹത്തിന്റെ പ്രത്യുത്തരത്തോടുകൂടി മൂന്നു പ്രാവശ്യം ചൊല്ലുന്നു. തുടർന്നു മൂന്നു വശത്തും സജ്ജമാക്കിയിരിക്കുന്ന ദീപം തെളിക്കുന്നു. കർത്തൃപ്രാർത്ഥനയ്ക്കു ശേഷം താഴെപ്പറയുന്ന പ്രാർത്ഥനയും ചൊല്ലിയിരുന്നു: ''എന്റെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷകളാൽ നിന്റെ ദൈവത്വം പ്രസാദിക്കപ്പെടുകയും നിന്റെ കരുണ ഞങ്ങളുടെ ദുഷ്ടതയ്ക്ക് നല്ല മാദ്ധ്യസ്ഥ്യമായി ഭവിക്കുകയും ചെയ്യട്ടെ. ഞങ്ങളുടെ പ്രാർത്ഥനകൾ തിരുമുമ്പാകെ സ്വീകരിക്കപ്പെടുകയും നിന്റെ കവിഞ്ഞൊഴുകുന്ന കരുണയുടെ ഭണ്ഡാഗാരത്തിൽനിന്ന് ഞങ്ങളുടെ യാചനകളും അപേക്ഷകളും എപ്പോഴും എല്ലാസമയവും കൈക്കൊള്ളുമാറാകുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും, ആമ്മേൻ.'' ഈ പ്രാർത്ഥനയെ തുടർന്ന് കാർമ്മികൻ തീയിൽ കുന്തുരുക്കം ഇട്ടുകൊണ്ട് ചൊല്ലുന്നു: ''നീ ആശീർവദിച്ച ഈ ധൂപം നിന്റെ സന്നിധിയിലേയ്ക്കുയരുകയും ഞങ്ങളുടെമേൽ നിന്റെ കരുണ ഇറങ്ങിവരുമാറാകുകയും ചെയ്യട്ടെ.'' ഇതേത്തുടർന്ന് ഓരോരുത്തരും തീയിൽ കുന്തുരുക്കം ഇടുന്നു. കാർമ്മികനും ജനങ്ങളും തീയെ മൂന്നു പ്രാവശ്യം വലംവയ്ക്കുകയും തുടർന്ന് കത്തിച്ച തിരികളുമേന്തി ദേവാലയത്തിനു ചുറ്റും പ്രദക്ഷിണം വയ്ക്കുകയും ചെയ്തിരുന്ന ചടങ്ങാണ് തീയുഴൽച്ചൽ കർമ്മം.

**നീ ആശീർവദിച്ച ഈ ധൂപം നിന്റെ സന്നിധിയിലേയ്ക്കുയരുകയും ഞങ്ങളുടെമേൽ നിന്റെ കരുണ ഇറങ്ങിവരുമാറാകുകയും ചെയ്യട്ടെ.**



**അഗ്നിപ്രഭ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളം:** പഴയനിയമത്തിൽ ദൈവത്തിന്റെ പ്രത്യക്ഷീകരണം അഗ്നിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്നതായാണ് കാണുന്നത്. ജലിക്കുന്ന മുൾപടർപ്പ് (പുറ 3:2-6); സീനാ മലമുകളിൽ അഗഗ്നിമേലുള്ള ദൈവസാന്നിദ്ധ്യം (പുറ 19:16). മിശിഹായുടെ ജനനം ലോകത്തിൽ ദൈവമഹത്ത്വം ഇറക്കിക്കൊണ്ടുവന്നു. ഇടയന്മാരുടെമേൽ കർത്താവിന്റെ മഹത്ത്വം പ്രകാശിച്ചു (ലൂക്കാ 2:9-10). ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശുന്ന ഉന്നതത്തിൽനിന്നുള്ള ഉദയരശ്മിയാണ് മിശിഹാ (ലൂക്കാ 1:79). എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം (യോഹ 19). മനുഷ്യന്റെ വെളിച്ചമായ വചനമായ ദൈവമാണവൻ (1:15). ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്.''

> ആദിമക്രൈസ്തവ പാരമ്പര്യത്തിലെ ഈ ദീപം തെളിക്കൽ കർമ്മമാണ് പ്രാദേശികാനുരൂപണത്തോടെ തീയുഴൽച്ചൽ കർമ്മമായി പിറവിത്തിരുനാളിൽ ആചരിച്ചിരുന്നത്

''എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല; അവൻ ജീവന്റ പ്രകാശമുണ്ടായിരിക്കും'' എന്ന് ഈശോ പ്രഖ്യാപിച്ചു (യോഹ 8:12). ''ഉറങ്ങുന്നവനേ ഉണരുക. മരിച്ചവരിൽനിന്ന് എഴുന്നേല്ക്കുക. മിശിഹാ നിന്റെ മേൽ പ്രകാശിക്കും'' (എഫേ 5:14). ഇങ്ങനെ മിശിഹായെ പ്രകാശമായി ബന്ധിപ്പിക്കുന്ന നിരവധി സൂചനകൾ വി. ഗ്രന്ഥത്തിൽ കാണാൻ കഴിയും.

**ജറുസലേമിലെ ദീപം തെളിക്കൽ കർമ്മം:** ജറുസലേമിൽ കർത്താവിന്റെ തിരുക്കല്ലറയിൽ ദിവസേനയുള്ള സായാഹ്നജപത്തിലും ഉയിർപ്പുതിരുനാളിലും ദീപംതെളിക്കൽ കർമ്മം നടന്നിരുന്നു. പാശ്ചാത്യസഭയിലും ഗ്രീക്ക് സഭയിലും ഉയിർപ്പുതിരുനാളിന് വിളക്കുതെളിക്കൽ കർമ്മമുണ്ട്. ആദിമക്രൈസ്തവപാരമ്പര്യത്തിലെ ഈ ദീപം തെളിക്കൽ കർമ്മമാണ് പ്രാദേശികാനുരൂപണത്തോടെ തീയുഴൽച്ചൽ കർമ്മമായി പിറവിത്തിരുനാളിൽ ആചരിച്ചിരുന്നത്. പിറവി ജാഗരണ പ്രാർത്ഥനയോടനുബന്ധിച്ചാണ് ഈ കർമ്മം നടന്നിരുന്നത്. 1853-ൽ പാശ്ചാത്യ മിഷനറിമാർ ഈ കർമ്മം നിരോധിച്ചെങ്കിലും പരമ്പരാഗതമായ തീയുഴൽച്ചാകർമ്മം പുരാതനപാരമ്പര്യമുള്ള മാർത്തോമ്മാ നസ്രാണികൾ തുടർന്നുകൊണ്ടേയിരുന്നുവെന്നു ചരിത്രം ചൂണ്ടിക്കാട്ടുന്നു.

**പ്രകാശവത്ക്കരണത്തിന്റെ ജനനത്തിരുനാൾ:** മിശിഹായുടെ ജനനത്തിരുനാൾ പ്രകാശവത്ക്കരണമാണ്. പാപത്തിന്റെ അന്ധകാരത്തെ വെടിഞ്ഞ് മിശിഹായുടെ വെളിച്ചം പാദങ്ങൾക്കു വിളക്കും വഴിക

ളിൽ പ്രകാശവുമായി സ്വീകരിക്കാൻ (സങ്കീ 118:105) ഇത് ഓരോ വിശ്വാസിയെയും പ്രതിജ്ഞാബദ്ധമാക്കുന്നു. വിശ്വാസത്തിന്റെയും സ്നേഹത്തിന്റയും വെളിച്ചം കൈക്കൊണ്ട് മിശിഹാ പങ്കുവയ്ക്കുന്ന ദൈവപുത്രത്വത്തിലേക്കു വളരാൻ വിശ്വാസികളെ ഒരുക്കുന്ന അർത്ഥവത്തായ ആചരണമാണ് തീയുഴൽച്ചൽകർമ്മം. കിഴക്കുദിച്ച നക്ഷത്രം ജ്ഞാനികൾക്ക് മിശിഹായുടെ ജനനത്തിന്റെ അടയാളമായതുപോലെ ദേവാലയമുറ്റത്തെ ത്രികോണാകൃതിയിലുള്ള അഗ്നി മിശിഹായുടെ ജനനത്തോടെ ഓരോ വിശ്വാസിയേയും ഹൃദയത്തിൽ കത്തിജ്ജ്വലിക്കുന്ന ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അടയാളമായി മാറുന്നു.

(പിറവിത്തിരുനാൾ കർമ്മങ്ങൾ - ജോയന്റ് ലിറ്റർജി കമ്മീഷൻ ആമുഖം)



## ചാരിറ്റി

2020 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1. | പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ കുരിശിങ്കൽപ്പറമ്പിൽ മെമ്മോറിയൽ എൻഡോവ്മെന്റ് (2 പേർക്ക്) | 30,000.00 |
| 2. | വിദ്യാഭ്യാസ സഹായം | 20,000.00 |
| 3. | ചികിത്സാസഹായം | 75,000.00 |
| 4. | വിവാഹസഹായം | 120,000.00 |
| 5. | ഭവനനിർമ്മാണ സഹായം | 200,000.00 |
| 6. | മൃതസംസ്കാര സഹായം | 700.00 |
| | **ആകെ** | **445,700.00** |

# സാമ്പത്തിക സംവരണം: പ്രായോഗിക നിർദ്ദേശങ്ങൾ

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ചങ്ങനാശേരി അതിരൂപതയിലെ കാർപ്പ് (CARP) ഡിപ്പാർട്ട്മെന്റ് ഡയറക്ടറും സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ അസി.സെക്രട്ടറിയുമാണ് ലേഖകൻ)

**സാമ്പത്തിക സംവരണം** അഥവാ 10% ഇ ഡബ്ള്യു എസ് റിസർവഷൻ നേടുന്നതിന് ആവശ്യമായ പ്രായോഗിക കാര്യങ്ങൾ ഏറ്റവും ലളിതമായ ഭാഷയിൽ സാധാരണക്കാർക്ക് പെട്ടെന്ന് മനസ്സിലാകുന്ന വിധത്തിൽ വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

എക്കണോമിക്കലി വീക്കർ സെക്ഷൻസ് അഥവാ സംവരണേതര വിഭാഗങ്ങളിലെ (ജനറൽ കാറ്റഗറി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നതാണ് EWS ന്റെ പൂർണ്ണരൂപം. കേരളത്തിന്റെ പശ്ചാത്തലത്തിൽ, നാളിതുവരെ യാതൊരുവിധ സംവരണവും ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികളിലെയും, ബ്രാഹ്മണ, നായർ അമ്പലവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരിലേയും ജാതിമതരഹിതരിലെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രവേശന പരീക്ഷകളിലും യോഗ്യതാപരീക്ഷകളിലും കേന്ദ്ര, സംസ്ഥാന സർക്കാർ ജോലികളിലും ഇതു ലഭിക്കും. ന്യൂനപക്ഷ പദവി ഇല്ലാത്തതും ഒ ബി സി സംവരണം നിലനിൽക്കുന്നതുമായ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാത്രമാണ് 10% EWS റിസർവേഷൻ ബാധകമാകുന്നത്.



EWS സംവരണം ലഭിക്കുന്നതിനായി EWS സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. നിലവിൽ രണ്ടു തരത്തിലുള്ള EWS സർട്ടിഫിക്കറ്റുകളാണ് പ്രാബല്യത്തിലുള്ളത്.

1. കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ്

2. കേരള സർക്കാർ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ്

ഇവയ്ക്ക് ബാധകമായ മാനദണ്ഡങ്ങളും സർട്ടിഫിക്കേറ്റ് ഫോർമാറ്റും സർട്ടിഫിക്കേറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരും വ്യത്യസ്തമാണ്.

**1. കേന്ദ്ര സർക്കാരിന്റെ EWS സർട്ടിഫിക്കറ്റ്**

പത്ത് ശതമാനം EWS സംവരണത്തിലൂടെ കേന്ദ്ര സർക്കാരിന്റെ UPSC, SSC, Railway Banking സർവീസിലും UGC NET, NEET തുടങ്ങിയ യോഗ്യതാപരീക്ഷകളിലും വളരെ മികച്ച സാധ്യതകളാണ് ഉള്ളത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം ആകെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ, 5 ഏക്കർ കൃഷിഭൂമി, പഞ്ചായത്ത് പ്രദേശത്ത് 4.2 സെന്റ് ഹൗസ് പ്ലോട്ട്, മുൻസിപ്പൽ കോർപറേഷനിൽ 2.1 സെന്റ് ഹൗസ് പ്ലോട്ട്, എല്ലായിടത്തും വീടിന്റെ വിസ്തീർണം 1000 സ്ക്വയർ ഫീറ്റ് എന്നിവയാണ് ഇതിന്റെ ഉയർന്ന പരിധികൾ. ഈ എല്ലാ മാനദണ്ഡങ്ങളുടെയും ഉള്ളിൽ നിൽക്കുന്നവർക്കു മാത്രമേ EWS സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇതു ലഭിക്കാൻ അക്ഷയ വഴി തഹസീൽദാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വില്ലേജ് ഓഫീസറിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച ശേഷം തഹസീൽദാർ സർട്ടിഫിക്കറ്റ് നൽകും.

**2. കേരള സർക്കാരിന്റെ EWS സർട്ടിഫിക്കറ്റ്**

EWS സംവരണത്തിലൂടെ കേരള സർക്കാരിന്റെ പ്ലസ് വൺ, മെഡിക്കൽ-എൻജിനിയറിംഗ്, പോളിടെക്നിക്, ബി എസ് സി നഴ്സിംഗ്-പാരാമെഡിക്കൽ, ഡിഗ്രി, പിജി, എൽ എൽ ബി തുടങ്ങിയ എല്ലാ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കും EWS വഴിയുള്ള സർക്കാർ ജോലികളിലേക്കും 10% സംവരണം ലഭിക്കും. സംസ്ഥാന മാനദണ്ഡങ്ങൾ അനുസരിച്ച് ഉയർന്ന പരിധികൾ ഇപ്രകാരമാണ്. ആകെ കുടുംബ വാർഷികവരുമാനം 4 ലക്ഷം രൂപ, ആകെ ഭൂസ്വത്ത് പഞ്ചായത്തുകളിൽ 2.5 ഏക്കർ, മുൻസിപ്പാലിറ്റികളിൽ 75 സെൻറ്, കോർപ്പറേഷനുകളിൽ 50 സെൻറ് എന്നിവയാണ്. ഇതിൽ ഏതെങ്കിലും ഒരു മാനദണ്ഡം ഉയർന്നു പോയാൽ സംസ്ഥാന EWS സർട്ടിഫിക്കറ്റ് ലഭിക്കില്ല. ഇവിടെയും പഞ്ചായത്തിലൊഴികെ ഹൗസ് പ്ലോട്ട്, കൃഷി

ഭൂമി എന്ന വേർതിരിവ് ഉണ്ട്. ഇതുപ്രകാരം മുനിസിപ്പാലിറ്റികളിൽ 20 സെന്റും കോർപ്പറേഷനുകളിൽ 15 സെന്റും ഉള്ളവർക്കു മാത്രമേ പ്രായോഗികമായി EWS സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇത്രയും മാത്രമാണ് സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ. നേരിട്ട് അപേക്ഷ നൽകി വില്ലേജ് ഓഫീസറിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങണം. ഇതിന്റെ ക്രമീകരണം ഓൺലൈൻ/ അക്ഷയ വഴി ആരംഭിച്ചിട്ടില്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**(A) കുടുംബം എന്നതിന്റെ നിർവചനം**

ഒരു വിദ്യാർത്ഥി EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷിക്കുമ്പോൾ ആ കുട്ടിയുടെ കുടുംബത്തിലെ വാർഷിക വരുമാനവും ഭൂസ്വത്തുമാണ് കണക്കിലെടുക്കുന്നത്. സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം (ജനുവരി 03 & മാർച്ച് 03/2020) താഴെ കൊടുത്തിരിക്കുന്നവർ മാത്രമാണ് കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നത്.

1. സർട്ടിഫിക്കറ്റ് ആവശ്യമുള്ള ആൾ (വിദ്യാർത്ഥി/അപേക്ഷകൻ/അപേക്ഷക)

2. വിദ്യാർത്ഥി/അപേക്ഷകൻ/അപേക്ഷകയുടെ മാതാവ്, പിതാവ്, വിവാഹം കഴിഞ്ഞതെങ്കിൽ ജീവിതപങ്കാളി.

3. വിദ്യാർത്ഥി/അപേക്ഷകൻ/അപേക്ഷകയുടെ 18 വയസിൽ താഴെയുള്ള (below 18 years) സഹോദരങ്ങൾ, 18 വയസ്സിൽ താഴെയുള്ള മക്കൾ ഉണ്ടെങ്കിൽ അവർ.

**കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള കുടുംബത്തിന്റെ നിർവചനവും ഇപ്രകാരം തന്നെയാണ്.**

വിദ്യാർത്ഥി/അപേക്ഷകൻ/അപേക്ഷകയുടെ വല്യപ്പൻ, വല്യമ്മ, 18 വയസിനു മുകളിലുള്ള സഹോദരങ്ങൾ, 18 വയസ്സിനു മുകളിലുള്ള മക്കൾ, വീട്ടിൽ താമസിക്കുന്ന മറ്റ് അംഗങ്ങൾ മുതലായവർ ഇപ്രകാരം കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. റേഷൻ കാർഡിലെ പേരുവിവരം പ്രസക്തമല്ല. അവരുടെ പേരിലുള്ള ഭൂസ്വത്തോ വരുമാനമോ കണക്കാക്കേണ്ടതില്ല. വിവാഹം കഴിച്ച ഒരു സ്ത്രീക്ക് ആ സ്ത്രീയുടെയും സ്വന്തം മാതാപിതാക്കളുടെയും ഭർത്താവിന്റെയും സ്വത്തും വരുമാനവുമാണ് കണക്കാക്കേണ്ടത്. ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നതെങ്കിലും ഭർത്താവിന്റെ മാതാപിതാക്കളുടെ സ്വത്തും വരുമാനവും കണക്കാക്കേണ്ടതില്ല.

കേരള സർക്കാർ EWS സംബന്ധിച്ച് പ്രധാനപ്പെട്ട മൂന്ന് ഉത്തരവുകളാണ് ഇറക്കിയിട്ടുള്ളത്. 2020 ജനുവരി 03, ഫെബ്രുവരി 12, മാർച്ച് 03 തീയതികളിൽ ആണ് ഇവ. ഇതിൽ ഫെബ്രുവരി 12 ലെ ഉത്തരവിൽ ഒരു വീട്ടിൽ താമസിക്കുന്ന എല്ലാവരെയും കുടുംബം എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയെങ്കിലും മാർച്ച് 03 ലെ തിരുത്തൽ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞ നിർവചനം പുനസ്ഥാപിച്ചു.

**(B) ഇല്ലാത്ത മാനദണ്ഡങ്ങൾ**

സംസ്ഥാന സർക്കാർ മാനദണ്ഡപ്രകാരം വീടിന്റെ വിസ്തീർണ്ണം, പഞ്ചായത്തുകളിൽ ഹൗസ്പ്ലോട്ടിന്റെ വിസ്തീർണ്ണം എന്നിവയുടെ മാനദണ്ഡങ്ങൾ പൂർണ്ണമായും എടുത്തുകളഞ്ഞിട്ടുണ്ട്. മുകളിൽ പറഞ്ഞതുപോലെ 18 വയസ്സിന് മുകളിലുള്ള സഹോദരങ്ങളും മറ്റ് അംഗങ്ങളും കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്നത് സംബന്ധിച്ചും വ്യക്തമായ സർക്കാർ ഉത്തരവുണ്ട്. പക്ഷേ വില്ലേജ് ഓഫീസുകളിലെ ചില ഉദ്യോഗസ്ഥർ ഇല്ലാത്ത മാനദണ്ഡങ്ങൾ നിലവിലുണ്ട് എന്നു പറഞ്ഞ് ആളുകളെ കബളിപ്പിക്കുന്നുണ്ട്. വീട് അളക്കേണ്ട ആവശ്യമില്ലാതിരുന്നിട്ടും വീട് അളക്കുന്നുണ്ട്.

**(C) സർട്ടിഫിക്കറ്റ് ഫോർമാറ്റ്**

കേന്ദ്ര സർക്കാരിനും കേരള സർക്കാരിനും വ്യത്യസ്തമായ സർട്ടിഫിക്കറ്റ് ഫോർമാറ്റുകളാണ് ഉള്ളത്. കൂടാതെ വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് പൂർണമായും വ്യക്തമായും പൂരിപ്പിച്ചിട്ടുണ്ടെന്നും വില്ലേജ് ഓഫീസറുടെ ഒപ്പ്, Name & Designation സീലുകൾ, ഓഫീസ് സീൽ എന്നിവ യഥാസ്ഥാനത്ത് പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കണം. അപേക്ഷിക്കുന്ന വ്യക്തിയുടെ ഫോട്ടോയും നിർബന്ധമായും സർട്ടിഫിക്കറ്റിൽ ഒട്ടിച്ച് അതിൽ വില്ലേജ് ഓഫീസറുടെ ഒപ്പും സീലും വാങ്ങിയിരിക്കണം.

**(D) ആവശ്യമായ രേഖകൾ**

വിദ്യാർത്ഥി/അപേക്ഷകൻ/അപേക്ഷക (18 വയസ് പൂർത്തിയായിട്ടില്ലെങ്കിൽ മാതാപിതാക്കൾ) നിശ്ചിത ഫോർമാറ്റിൽ EWS സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും സത്യവാങ്മൂലവും സമർപ്പിക്കുക. (അപേക്ഷ, സത്യവാങ്മൂലം എന്നിവയുടെ ഫോർമാറ്റും, വില്ലേജ് ഓഫീസർ പൂരിപ്പിച്ചു തരാനുള്ള സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റും ആവശ്യമുള്ളവർക്കും ഈ ലേഖനം ശ്രദ്ധാപൂർവ്വം വായിച്ചിട്ടും സംശയങ്ങൾ ഉള്ളവർക്കും ചങ്ങനാശേരി അതിരൂപതയുടെ CARP ഡിപ്പാർട്ട്മെന്റിന്റെ ഹെൽപ് ഡസ്കുമായി ബന്ധപ്പെടാവുന്നതാണ്.

Mob. 6238214912). റേഷൻ കാർഡ്, സമുദായം തെളിയിക്കുന്ന രേഖ (SSLC ബുക്ക്, ജനന സർട്ടിഫിക്കറ്റ് തുടങ്ങിയവ), ആധാർ കാർഡ്, കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്കുകളുടെ കോപ്പി എന്നിവ കയ്യിൽ കരുതുക.

**(E) സർട്ടിഫിക്കറ്റ് ലഭിച്ചില്ലെങ്കിൽ എന്തു ചെയ്യണം**

സർക്കാർ സ്ഥാപനങ്ങളിൽ നമ്മൾ നൽകുന്ന അപേക്ഷകൾക്ക് ഏഴ് ദിവസത്തിനകം മറുപടി ലഭിക്കേണ്ടതുണ്ട്. ഇതിനായി അപേക്ഷ നൽകുമ്പോൾ കൈപ്പറ്റ് രസീത് എഴുതി വാങ്ങുക. നിയമപ്രകാരം സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗസ്ഥർ അവ കൈപ്പറ്റി എന്ന് രസീത് നൽകേണ്ടതുണ്ട്. തുടർന്ന് ഏഴ് ദിവസമായിട്ടും സർട്ടിഫിക്കറ്റ് നൽകാതിരിക്കുകയോ തടസ്സങ്ങൾ ഉന്നയിക്കുകയോ ചെയ്താൽ വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും എന്തുകൊണ്ട് സർടിഫിക്കറ്റ് നൽകാൻ സാധിക്കില്ല എന്നത് കാരണം സഹിതം എഴുതി വാങ്ങുക. നമ്മുടെ പക്ഷത്താണ് ന്യായം എന്നു തോന്നുന്നുവെങ്കിൽ തഹസീൽദാരുടെ അടുത്ത് പരാതി കൊടുക്കുക. അവിടെയും നീതി ലഭിക്കുന്നില്ലെങ്കിൽ കളക്ടർക്ക് പരാതി നൽകുക.

**(G) പി എസ് സി യിൽ EWS സംവരണം**

കേരളാ പി എസ് സി നിയമനങ്ങളിൽ 10% EWS സംവരണം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. നൂറ് ഒഴിവുകൾ എടുത്താൽ അതിൽ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ സ്ഥാനങ്ങൾ EWS സംവരണമായി നിശ്ചയിച്ചിരിക്കുന്നു. കൂടാതെ മെറിറ്റിലും അവസരമുണ്ട്.

-2020 ഒക്ടോബർ 23 മുതൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലും ഒക്ടോബർ 23 ന് നിലവിലുണ്ടായിരുന്ന വിജ്ഞാപനങ്ങളിലും 10% EWS സംവരണം ലഭിക്കും.

-ഇപ്പോൾ നിലവിലുള്ള വിജ്ഞാനങ്ങളുടെ അപേക്ഷ കാലാവധി നവംബർ 14 വരെ നീട്ടിയിട്ടുണ്ട്.

-സംസ്ഥാന മാനദണ്ഡപ്രകാരം EWS പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾ സ്വന്തം പ്രൊഫൈലിൽ EWS എന്ന ഓപ്ഷൻ കൊടുക്കണം. വിശദ വിവരങ്ങൾ EWS വെബ്സൈറ്റിൽത്തന്നെ ലഭ്യമാണ്. ഇങ്ങനെ അപേക്ഷിക്കുന്ന സമയത്ത് തന്നെ EWS ക്ലെയിം ചെയ്യുകയും PSC സർട്ടിഫിക്കറ്റ് വേരിഫിക്കേഷന് വിളിക്കുമ്പോൾ അതു ഹാജരാക്കുകയും ചെയ്യണം നേരത്തെ അപേക്ഷിച്ചിട്ടുള്ളവർ അപേക്ഷ എഡിറ്റ് ചെയ്ത് EWS ഓപ്ഷൻ ടിക് ചെയ്യുക.

– ക്ലയിം ചെയ്യുന്ന ഡേറ്റിനു മുമ്പുതന്നെ എല്ലാ സർട്ടിഫിക്കറ്റുകളും കയ്യിൽ കാണണം എന്നാണ് PSC നിയമം. അതിനാൽ ഇപ്പോഴേ സർട്ടിഫിക്കറ്റ് വാങ്ങിവയ്ക്കുക. കൂടാതെ വേരിഫിക്കേഷന് വിളിക്കുമ്പോൾ ഈ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിയാൻ സാധ്യതയുള്ളതിനാൽ അപ്പോൾ പുതിയ ഒരു സർട്ടിഫിക്കറ്റ് കൂടി വാങ്ങി രണ്ടും ഹാജരാക്കുന്നതാവും കൂടുതൽ സുരക്ഷിതം. PSC ഇതേക്കുറിച്ച് വ്യക്തത വരുത്തിയിട്ടില്ല.

–EWS സംവരണം ഉള്ളതിനാൽ പഠനം അല്പം കുറഞ്ഞാലും അവസരം ലഭിക്കുമെന്ന തെറ്റിദ്ധാരണ പാടില്ല. EWS സംവരണത്തിന് അർഹരായവരിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്നവർ മാത്രമേ 10% സീറ്റിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുള്ളൂ. ഏറ്റവും ആത്മാർത്ഥമായി തയ്യാറെടുക്കുക. സംവരണസീറ്റിലും ഓപ്പൺ മെറിറ്റിലും ഒരുപോലെ അവസരം ലഭിക്കും.

സ്വാതന്ത്ര്യം ലഭിച്ച് 70 വർഷം കഴിഞ്ഞിട്ടും പ്രത്യേക ആനുകൂല്യങ്ങളോ സംരക്ഷണമോ ലഭിക്കാതിരുന്ന സമൂഹങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ഒരു സുവർണ്ണാവസരമാണ് EWS സംവരണം. EWS അവകാശം പരാമവധി പ്രയോജനപ്പെടുത്തുകയും നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തുകയും ചെയ്യുക.



# ജലത്താലും ആത്മാവിനാലും

1. കൊച്ചുകിഴക്കേക്കടവിൽ തോമസ്-ബിൻസി മകൾ കാതറിൻ 04-10-2020
2. കാഞ്ഞൂപ്പറമ്പിൽ ജെറീഷ്-ദീപ്തി മകൾ എലിസബത്ത് 17-10-2020
3. പാറയ്ക്കൽ അനീഷ്-മേർളി മകൻ മാത്യു 18-10-2020
4. പെരുമ്പായിൽ ചെറിയാൻ-റോസമ്മ മകൾ എവിലിൻ അന്ന 25-10-2020
5. താന്നിമൂട്ടിൽ ശശി-കുഞ്ഞുമോൾ മകൾ സാൻവി 16-11-2020
6. തൂമ്പുങ്കൽ ജിജോ-ദീപ്തി മകൾ റീത്ത 22-11-2020
7. കടന്തോട് ഐസക്-തങ്കമ്മ മകൾ മറിയം 24-11-2020
8. വഴനശ്ശേരി ജോബി-അൽഫോൻസ മകൻ ജോസഫ് 28-11-2020
9. കുരിശുംമൂട്ടിൽ ജേക്കബ്-റ്റിനു മകൾ മറിയം 28-11-2020
10. പുന്നക്കുടി മാത്യു-ജീന മകൻ സ്കറിയ 10-12-2020
11. എട്ടുകെട്ടിൽ മാറ്റ്സ്-മരിയ മകൻ ചെറിയാൻ 20-10-2020
12. കിഴക്കേൽ റ്റോംലിൻ-ജെസ്റ്റി മകൾ തെരേസ 30-11-2020
13. കയ്യാലപ്പറമ്പിൽ അവനൂഷ്-കൃപ മകൾ എലിസബത്ത് 14-11-2020
14. ഞാലിയിൽ മാത്യു-ട്രീസ മകൾ റോസമ്മ 17-11-2020
15. കാട്ടൂപ്പറമ്പിൽ സെബാസ്റ്റ്യൻ-എലിസബത്ത് മകൾ മെറിൻ 29-11-2020
16. പനച്ചിക്കൽ വർഗ്ഗീസ്-സ്വീറ്റി മകൻ ജോ ഫിലിപ്പ് 26-11-2020



## ദനഹാ-പിണ്ടികുത്തിപ്പെരുന്നാൾ

ജനുവരി 5-ാം തീയതി
വൈകുന്നേരത്തെ
പരി. കുർബാനയെ തുടർന്ന് 6:15 ന്
റംശാ, പ്രദക്ഷിണം,
പിണ്ടിയിൽ തിരി തെളിക്കൽ.



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പടിഞ്ഞാറേക്കളം ജോൺ - അക്കാമ്മ മകൻ സഖറിയയും കസവനഹള്ളി ഇടവക കൈതവളപ്പിൽ പീറ്റർ - സുജോ മകൾ മറിയം ത്രേസ്യയും തമ്മിലുള്ള വിവാഹം 17-10-2020
2. ഈ ഇടവക കടേപ്പറമ്പിൽ മൈക്കിൾ - ഏലിയാമ്മ മകൻ തോമസും ഈ ഇടവക പനവേലിപ്പറമ്പിൽ റെജിമോൻ - സുമ മകൾ ടെസ്സയും തമ്മിലുള്ള വിവാഹം. 19-10-2020
3. ഈ ഇടവക മണമേൽ ആന്റണി - മിനി മകൻ എബ്രഹാമും പൂന്തോപ്പ് ഇടവക പടിഞ്ഞാറേവീട് വർഗ്ഗീസ് - മേഴ്സി മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം 21-2-2020
4. ഈ ഇടവക പുല്ലുകാട്ട് ചാക്കോ അക്കാമ്മ മകൻ ഫിലിപ്പും പെരുനാട് ഇടവക അശ്വതിയിൽ സുഭാഷ് - രാധാമണി മകൾ മരിയയും തമ്മിലുള്ള വിവാഹം 22-10-2020
5. ഈ ഇടവക പണിക്കശ്ശേരി ജോണി-മേരിമ്മ മകൻ മൈക്കിളും പൂമറ്റം ഇടവക കൊട്ടാരത്തിൽ സെബാസ്റ്റ്യൻ - റോസമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം. 22-10-2020
6. ഈ ഇടവക അഴിമുഖം ദേവസ്യ- സോഫിയാമ്മ മകൻ വർഗ്ഗീസും തൂമ്പുങ്കൽ ജോസഫ് മേരിക്കുട്ടിപാമ്പനാർ ഇടവക വട്ടത്തൊട്ടിയിൽ ജോർജ്-അൽഫോൻസാ മകൾ ഷാനുവും തമ്മിലുള്ള വിവാഹം 24-10-2020
8. ഈ ഇടവക മുതിരപ്പറമ്പിൽ സെബാസ്റ്റ്യൻ മേഴ്സി മകൻ സെബാസ്റ്റ്യനും ചെത്തിപ്പുഴ ഇടവക പനത്തോട്ടം ജേക്കബ് - എത്സമ്മ മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 29-10-2020
9. ഈ ഇടവക പുതുപ്പറമ്പിൽ സെബാസ്റ്റ്യൻ - റാണി മകൻ ആന്റണിയും പൊടിപ്പാറ ഇടവക ചക്കുവായിൽപറമ്പിൽ ഫിലിപ്പ് -ഏലിയാമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 12-11-2020
10. ഈ ഇടവക എരിഞ്ഞേരി മാത്യു -റാണി മകൻ തോമസും കല്ലൂർ ഈസ്റ്റ് ഇടവക പുന്നോലിപറമ്പിൽ തോമസ് -ആനി മകൾ റോസ്മേരിയും തമ്മിലുള്ള വിവാഹം - 14-11-2020
11. ഈ ഇടവക അയ്യരുകുളങ്ങര തോമസ് - ബീന മകൻ ജേക്കബും വെള്ളയാംകുടി ഇടവക പുളിക്കൽ ജോർജ് -അന്നക്കുട്ടി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 21-11-2020
12. ഈ ഇടവക കാവാലം പുത്തൻപുര ജോർജ് - ഗ്രേസി മകൻ മാർട്ടിൻ തോമസും തട്ടാശ്ശേരി ഇടവക കൊശമറ്റം മാത്യു ലൈല മകൾ ബാലയും തമ്മിലുള്ള വിവാഹം 21-11-2020



13. ഈ ഇടവക തോപ്പിൽ ജോസുകുട്ടി - ഡെയ്സി മകൻ വർഗീസും പേരിൽ ഇടവക തോട്ടത്തിൽ തോമസ് - കുഞ്ഞുമോൻ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 16-11-2020
14. ഈ ഇടവക കടവിൽ ജോർജ് - എൽസമ്മ മകൻ ജെയിംസും കാവാലം ഇടവക പടാരം ജേക്കബ് -ജിജി മകൾ ട്രീസയും തമ്മിലുള്ള വിവാഹം -28-11-2020

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | പാറക്കാട്ട് പി.എ. ആൻഡ്രൂസ് (72) | 10-10-2020 |
| 2. | കൊടുപ്പന പോളയ്ക്കൽ മേരിക്കുട്ടി ജെയിംസ് (81) | 14-10-2020 |
| 3. | കൊച്ചുപറമ്പിൽ കെ. എസ. വർഗീസ് (79) | 17-10-2020 |
| 4. | കാവാലം പുതുപ്പറമ്പിൽ ത്രേസ്യാമ്മ ജോസഫ് (81) | 19-10-2020 |
| 5. | കൈതാരം കുഞ്ഞുമോൻ ജോബ് (56) | 19-10-2020 |
| 6. | കളത്തിൽ മറിയാമ്മ ജോസഫ് (64) | 24-10-2020 |
| 7. | പോത്തോട്ടിൽ പി.സി. ജോസഫ് (85) | 28-10-2020 |
| 8. | കറുകകളത്തിലായ മുളയ്ക്കൽ എം. എം. ഫ്രാൻസിസ് (88) | 03-11-2020 |
| 9. | കൊച്ചുകളം സെബാസ്റ്റ്യൻ തോമസ് (64) | 07-11-2020 |
| 10. | മാറാട്ടുകളം ജോസഫ് സേവ്യർ (94) | 16-11-2020 |
| 11. | കൂട്ടുമ്മേൽ കാട്ടിൽ ക്ലാരമ്മ വർഗ്ഗീസ് (88) | 14-11-2020 |
| 12. | പാലത്തിങ്കൽ തോമസ് ചാക്കോ (92) | 18-11-2020 |
| 13. | ചാത്തനാട് ചാക്കോ ജോസഫ് (49) | 22-11-2020 |
| 14. | കുരിശുംമൂട്ടിൽ ഏലിയാമ്മ (92) | 23-11-2020 |
| 15. | ചക്കുപുരയ്ക്കൽ തങ്കമ്മ മാത്യു (74) | 24-11-2020 |
| 16. | തെക്കേക്കര മോളി സാബു (58) | 27-11-2020 |
| 17. | തുണ്ടിപ്പറമ്പിൽ ജോസഫ് ദേവസ്യ (49) | 27-11-2020 |
| 18. | കുരിശുംമൂട്ടിൽ ത്രേസ്യാമ്മ ജോൺ (104) | 30-11-2020 |
| 19. | പുത്തൻപറമ്പിൽ പി.വി. ചെറിയാൻ (82) | 30-11-2020 |
| 20. | വാടയിൽ കത്രീനാമ്മ ചാക്കോ (95) | 01-12-2020 |
| 21. | നെടുംചിറവാലയിൽ മേരിജോൺ (75) | 13-12-2020 |
| 22. | മുളവന മറിയാമ്മ ജോസഫ് (87) | 16-12-2020 |
| 23. | കോയിപ്പള്ളിൽ ഡൊറോത്തി ജേക്കബ് (79) | 16-12-2020 |